**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.07.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് ഹരിയാനയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഫ്ലാഗ് ഓഫ് ചെയ്യും. കേരളത്തിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച 6 റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനവും നിർവ്വഹിക്കും.

2. നെൽകൃഷി അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ ധനവിനിയോഗ പരിധിയിൽ കേരളത്തിന് പ്രത്യേക ഇളവ് അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ.

3. ശാസ്ത്ര-സാങ്കേതിക രംഗത്തെ നൂതനാശയങ്ങൾ സാധാരണക്കാരനിലേക്ക് എത്തിച്ചേരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

4. സ്പെയ്സ് മെഡിസിൻ ഗവേഷണരംഗത്ത് ഐഎസ്ആർഒ-യും തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടും കൈകോർക്കുന്നു. രാജ്യത്ത് ആദ്യമായി ബയോ ആസ്ട്രോനോട്ടിക് ഫെല്ലോഷിപ്പ് കോഴ്സ് ആരംഭിക്കും.

5. രാമായണ പുണ്യമാസത്തിനു തുടക്കം കുറിച്ച് നാളെ കർക്കടകം ഒന്ന്. കർക്കടകമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു.

RNUTVPM

6. ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് ബാറ്റിംഗ്.

*********************

**<u>അമൃത് ഭാരത് പദ്ധതി (ഇൻട്രോ)</u>**

രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഹരിയാനയിൽ ഫ്ലാഗ് ഓഫ് ചെയ്യും. വിവിധ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും.

കേരളത്തിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച 6 റെയിൽവെ സ്റ്റേഷനുകളുടെ

ഉദ്ഘാടനവും പ്രധാനമന്ത്രി

ഓൺലൈനായി  നിർവ്വഹിക്കും. അങ്കമാലി, ചാലക്കുടി, തലശ്ശേരി, തിരൂർ,

പരപ്പനങ്ങാടി, നിലമ്പൂർ സ്റ്റേഷനുകളാണ്

നവീകരിക്കുന്നത്.  സംസ്ഥാനത്തെ 35

സ്റ്റേഷനുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ  പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയിസ്)

*********************

**<u>സുപ്രീം കോടതി- തടവുകാർ I</u>**

രാജ്യത്തെ ജയിലുകളിൽ കഴിയുന്ന പ്രായം ചെന്നവരും ഗുരുതര രോഗബാധിതരുമായ തടവുകാരെ നേരത്തെ

മോചിപ്പിക്കുന്നതിന് സമഗ്രമായ നയം രൂപീകരിക്കാൻ

സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സുപ്രീം

കോടതി നിർദ്ദേശം.  വിഷയത്തിൽ ഏകീകൃത സംവിധാനം ഉറപ്പാക്കുന്നതിന് മൂന്ന് മാസത്തിനകം നയം രൂപീകരിച്ച് ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും കോടതി

നിർദേശിച്ചു. ഇത്തരം തടവുകാരെ മോചിപ്പിക്കുന്നതിന്

RNU TVPM

മാനുഷികവും ഏകീകൃതവുമായ ചട്ടക്കൂട് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജി പരിഗണിക്കവേയാണ് പരമോന്നത കോടതിയുടെ ഉത്തരവ്.

*********************

## ഗവർണർ (ഇൻട്രോ)

ജനജീവിതത്തിൽ അർത്ഥവത്തായ മാറ്റം വരുത്തുന്നതാകണം സാങ്കേതിക വിദ്യകളും കണ്ടുപിടുത്തങ്ങളുമെന്ന്

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ഗവേഷണ

സ്ഥാപനങ്ങളുടെ ഗവേഷണ കോൺക്ലെവ് ഉദ്ഘാടനം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗവേഷണം,

കണ്ടുപിടിത്തങ്ങൾ എന്നിവ മാനവിക കാഴ്ചപ്പാടോടെ

വേണമെന്നും ഗവർണർ പറഞ്ഞു.

(വോയിസ്)

*********************

## കെ. മുരളീധരൻ- ഭക്ഷ്യസുരക്ഷ

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കില്ലെന്ന് മന്ത്രി കെ. മുരളീധരൻ. ഭക്ഷ്യസംരംഭകർക്കുള്ള പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും 'യൂത്ത് ഫോർ ഫുഡ് സേഫ്റ്റി' പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ യുവജനങ്ങളുടെയും ഭക്ഷ്യസംരംഭകരുടെയും പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

അതെസമയം, കൊച്ചിയിൽ മൂന്നുപേർക്ക് ഷിഗല്ല സ്ഥിരീകരിച്ചു. കതൃക്കടവിലെ ഹോട്ടലിൽ നിന്നും ഭക്ഷ്യ വിഷബാധയേറ്റ് ചികിത്സയിൽ കഴിയുന്നവർക്കാണ് രോഗ ബാധ സ്ഥിരീകരിച്ചത്.

*********************

PIU TVPM

## ടി.സിദ്ദിഖ്- നെൽകൃഷി

നെൽകൃഷി അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ ധനവിനിയോഗ പരിധിയിൽ കേരളത്തിന് പ്രത്യേക ഇളവ് അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ. കേന്ദ്രകൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാനുമായി മന്ത്രി ടി.സിദ്ദിഖ് നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച ധാരണയിലെത്തിയത്. അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്ക് നിശ്ചയിച്ചിരുന്ന പത്തുശതമാനം ധനവിനിയോഗ പരിധിയിലാണ് ഇളവ് നൽകുന്നത്.

*********************

## സണ്ണി ജോസഫ്

സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം എത്രനാൾ തുടരേണ്ടി വരുമെന്ന് ഇപ്പോൾ വ്യക്തമാക്കാനാകില്ലെന്ന് മന്ത്രി സണ്ണി ജോസഫ്. വൈദ്യുതി ഉപഭോഗം കുത്തനെ കൂടിയതായും കൈമാറ്റ വ്യവസ്ഥയിൽ വാങ്ങിയ വൈദ്യുതി തിരിച്ച് നൽകേണ്ടത് ബാധ്യതയാണെന്നും അദ്ദേഹം അറിയിച്ചു.

*********************

## ഷിബു ബേബിജോൺ

വനങ്ങളിലെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് പൂർണമായും ഒഴിവാക്കി ചില്ലികുപ്പുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി മന്ത്രി ഷിബു ബേബിജോൺ. കാട്ടുപന്നികളെ ഷൂട്ടർമാരെ ഉപയോഗിച്ച് കൊല്ലുന്നതിലെ പ്രായോഗികപ്രശ്നങ്ങൾ സംബന്ധിച്ച് ഈ മാസം 21-ന് ചേരുന്ന യോഗത്തിൽ ചർച്ച ചെയ്യുമെന്നും അദ്ദേഹം കൊല്ലത്ത് പറഞ്ഞു.

*********************

## റേഷൻ കാർഡ്

മുൻഗണനാ റേഷൻ കാർഡിന് അപേക്ഷിക്കാനുള്ള സമയ പരിധി നീട്ടി. ഈ മാസം 20 വരെ അപേക്ഷകൾ സമർപ്പിക്കാമെന്ന് മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു.

*********************

RAJU TVPM

## ചെന്താമര

പാലക്കാട് നെന്മാറ ഇരട്ടക്കൊല കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി ഈ മാസം 20ന് പ്രഖ്യാപിക്കും. പാലക്കാട് ജില്ലാ അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുക. ജില്ലാ നിയമസഹായ വേദിയുടെ റിപ്പോർട്ടിന്മേലുള്ള വാദം പൂർത്തിയായ ശേഷമാണ് കേസ് തിങ്കളാഴ്ചയിലേക്ക് മാറ്റിയത്.

*********************

## സുപ്രീം കോടതി- ഭാഷ

സി.ബി.എസ്.ഇ ഒൻപതാം ക്ലാസ് പാഠ്യപദ്ധതിയിൽ മൂന്നാമതൊരു ഭാഷ കൂടി ഉൾപ്പെടുത്തുന്നതിൽ ആശങ്ക രേഖപ്പെടുത്തി സുപ്രീം കോടതി. ഈ പ്രായത്തിൽ പുതിയൊരു ഭാഷ പഠിക്കുന്നത് മാനസിക സമ്മർദ്ദം വർദ്ധിപ്പിക്കുമെന്ന് പരമോന്നത കോടതി നിരീക്ഷിച്ചു.

മൂന്നാം ഭാഷ എളുപ്പത്തിൽ പഠിച്ചെടുക്കാൻ ഒൻപതാം ക്ലാസിന് പകരം അഞ്ചാം ക്ലാസിലോ ആറാം ക്ലാസിലോ തന്നെ ഉൾപ്പെടുത്തണമെന്നും കോടതി കേന്ദ്ര സർക്കാരിനോട് നിർദേശിച്ചു.

RJUTVPM

*********************

## കേരള ഹിന്ദി പ്രചാരസഭ

ത്രിഭാഷാ പദ്ധതിയോടൊപ്പം പ്രാദേശിക ഭാഷ പഠിക്കാനുള്ള അവസരം കൂടി വിദ്യാർത്ഥികൾക്ക് ഉണ്ടാകണമെന്ന് മന്ത്രി കെ മുരളീധരൻ. കേരള ഹിന്ദി പ്രചാരസഭ നടത്തിവരുന്ന വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം തിരുവനന്തപുരത്തു നിർവഹിക്കുകയായിരുന്നു അദ്ദേഹം.

*********************

## ബയോ ആസ്ട്രോനോട്ടിക് ഫെല്ലോഷിപ്(ഇൻട്രോ)

സ്പെയ്സ് മെഡിസിൻ ഗവേഷണരംഗത്ത് ഐഎസ്ആർഒ-യും തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടും

കൈകോർക്കുന്നു. രാജ്യത്തെ ആദ്യ ബയോ ആസ്ട്രോനോട്ടിക് ഫെല്ലോഷിപ് പരിപാടിക്കാണ് തുടക്കം കുറിക്കുന്നത്.
**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

*********************

## സി പി ജോൺ

കെ.എസ്.ആർ.ടി.സിയുടെ 'പ്രിയദർശിനി' സൗജന്യ യാത്രാ പദ്ധതിയുടെ പ്രയോജനം ഇതുവരെ 3.81 കോടി പേർക്ക് ലഭിച്ചതായി മന്ത്രി സി പി ജോൺ. പുരുഷ യാത്രക്കാരുടെ എണ്ണത്തിൽ കുറവ്
വന്നിട്ടില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളന ത്തിൽ അറിയിച്ചു. പാർവതി പുത്തനാറിലൂടെ വേളി -കഠിനം കുളം സൗരോർജ ബോട്ട് സർവീസ് ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*********************

## കർക്കിടകം

രാമായണ പുണ്യമാസത്തിനു തുടക്കം കുറിച്ച് നാളെ കർക്കടകം ഒന്ന്. ഭക്തിയും വ്രതപുണ്യവും നിറയുന്ന രാമായണ പാരായണത്തിൽ ഇനി വീടുകളും ക്ഷേത്രങ്ങളും ഭക്തിസാന്ദ്രമാകും. തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ രാമായണ മാസാചരണ ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ നാളെ വൈകിട്ട് തിരുവനന്തപുരത്ത് നിർവ്വഹിക്കും. വറുതിയുടെ കർക്കടകം മലയാളികൾക്ക് പഞ്ഞകർക്കടകവും കള്ളക്കർക്കടവും കൂടിയാണ്.

*********************

## ശബരിമല

കർക്കടകമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട തുറന്നു. സന്നിധാനത്ത് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാനിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന് ദീപം തെളിച്ചു. ഇന്ന് പൂജകൾ ഒന്നും

തന്നെയില്ല. നാളെ പുലർച്ചെ മുതൽ നട അടയ്ക്കുന്ന ഈ മാസം 21 വരെ പൂജകൾ നടക്കും.

*********************

<u>കർക്കടകം -തൃശൂർ (ഇൻട്രോ)</u>

തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ ആനയൂട്ടിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നാളെ നടക്കുന്ന ആനയൂട്ടിൽ 55 ഓളം ആനകൾ പങ്കെടുക്കും.

**ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

*********************

<u>ക്രിക്കറ്റ്</u>

വെയ്ൽസിൽ നടക്കുന്ന ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് ബാറ്റിങ്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 15 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 90 റൺ എടുത്തിട്ടുണ്ട്. ടോസ് നേടിയ ഇംഗ്ലണ്ട് ബൗളിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 നു മുന്നിലാണ്.

RNU TVPM

*********************

<u>പി കെ കൃഷ്ണദാസ്</u>

അഴിമതിയുടെ കേന്ദ്രമായി പിഎസ് സി മാറിയതായി ബിജെപി ദേശീയ നിർവാഹക സമിതി അംഗം പി.കെ. കൃഷ്ണദാസ്. കഴിഞ്ഞ പത്ത് വർഷത്തെ നിയമന നടപടികൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം സർക്കാർ പ്രഖ്യാപിക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

*********************

## പ്ലസ് വൺ ഫലം

ഹയർ സെക്കന്ററി ഒന്നാം വർഷ പരീക്ഷ ഫലം നാളെ പ്രസിദ്ധീകരിക്കും. results.hse.kerala.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാകുമെന്ന് പൊതു വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

*********************

*********************

***********

RNU TVPM